2024
APRIL
22
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സംസ്ഥാനത്ത് 6 ജില്ലകളിൽ മഴമുന്നറിയിപ്പ്; കടലാക്രമണത്തിനും സാധ്യത

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത. മലപ്പുറം, എറണാകുളം, കൊല്ലം , ആലപ്പുഴ, കോട്ടയം, വയനാട് ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇന്ന് രാത്രി 11.30 വരെ 1.0 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തെക്കൻ തമിഴ്നാട് തീരത്ത് രാത്രി 11.30 വരെ 1.1 മുതൽ 1.5 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിക്കുന്നത്. മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും അധികൃതർ അറിയിച്ചു.

## സിറിയയിലെ യുഎസ് സൈനികത്താവളത്തിന് നേരെ ഇറാഖിൽനിന്ന് മിസൈലാക്രമണം

**മൊസൂൾ:** വടക്കുകിഴക്കൻ സിറിയയിലെ യുഎസ് സൈനിക താവളത്തിന് നേരെ മിസൈലാക്രമണം. സൈനികത്താവളത്തിന് നേരെ ഇറാഖ് നഗരമായ സുമ്മറിൽ നിന്നാണ് മിസൈലാക്രമണം ഉണ്ടായത്. ഇറാഖ് പ്രധാനമന്ത്രി മുഹമ്മദ് ഷിയ അൽ സുഡാനി യുഎസ് സന്ദർശനം കഴിഞ്ഞ് മടങ്ങിയെത്തിയതിന് തൊട്ടുപിന്നാലെയാണ് ആക്രമണം. യുഎസ് പ്രസിഡന്റ് ജോ ബൈഡനുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തിയിരുന്നു. യുഎസ് സൈന്യത്തെ പിൻവലിക്കാനുള്ള ചർച്ചകളിൽ പുരോഗതി കാണാത്തതിനെ തുടർന്ന് യുഎസ് സേനയ്ക്കെതിരെ ആക്രമണം പുനരാരംഭിക്കാൻ ഭീകരർ തീരുമാനിച്ചതായി ഇറാഖിലെ കതൈബ് ഹിസ്ബുള്ള അറിയിച്ചു. ഈ വർഷം ഫെബ്രുവരി ആദ്യത്തോടെ യുഎസിനെതിരായ ആക്രമണം ഇറാഖിലെ ഇറാൻ പിന്തുണയുള്ള ഗ്രൂപ്പുകൾ അവസാനിപ്പിച്ചിരുന്നു.

# കൂടുതൽ പേരെ ഉൾപ്പെടുത്താൻ ഇപിഎഫിലെ മിനിമം വേതന പരിധി 21,000 രൂപയാക്കിയേക്കും

**ന്യൂദൽഹി:** കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനായി ഇപിഎഫിലെ മിനിമം വേതന പരിധി 15,000 രൂപയിൽനിന്ന് 21,000 രൂപയായി ഉയർത്തിയേക്കും. ഇപിഎഫ്ഒയുടെ സെൻട്രൽ ബോർഡ് ഓഫ് ട്രസ്റ്റീസിന്റെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്തതായാണ് റിപ്പോർട്ടുകൾ.



2014ലിലാണ് മിനിമം വേതന പരിധി 6,500 രൂപയിൽനിന്ന് 15,000 രൂപയായി ഉയർത്തിയത്. കേന്ദ്ര സർക്കാരിന്റെ നിവിലെ മിനിമം വേതന പരിധി 18,000 രൂപയാണ്. പല സംസ്ഥാനങ്ങളിലും മിനിമം വേതനം 22,00025,000 രൂപക്കുമിടയിലാണ്. അതുകൊണ്ടുതന്നെ നിരവധി കരാർ തൊഴിലാളികൾക്ക് ഇപിഎഫിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ഒക്ടോബറിൽ നടന്ന ട്രസ്റ്റീസിന്റെ യോഗത്തിൽ മിനിമം പരിധി 25,000 രൂപയാക്കണമെന്ന് നിർദേശം ഉയർന്നിരുന്നു.

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷൻ(ഇഎസ്ഐസി) 2017ൽ മിനിമം പരിധി 21,000 രൂപയായി ഉയർത്തിയിരുന്നു.

വിലക്കയറ്റം പരിഗണിച്ച് മിനിമം പെൻഷൻ തുക 1000 രൂപയിൽനിന്ന് 3,000ആക്കുന്നതിനെക്കുറിച്ചും ഇപിഎഫ്ഒ യോഗത്തിൽ ചർച്ച ചെയ്തു.

ധനമന്ത്രാലയത്തിന്റെ എതിർപ്പുള്ളതിനാൽ ഇക്കാര്യത്തിൽ തീരുമാനമായില്ലെന്നാണ് റിപ്പോർട്ടുകൾ.

# വിദേശ നിക്ഷേപകർ പിൻവാങ്ങുന്നു

**കൊച്ചി:** ആഗോള മേഖലയിൽ സാമ്പത്തിക അനിശ്ചിതത്വം ശക്തമായതോടെ വിദേശ നിക്ഷേപകർ കഴിഞ്ഞ ആഴ്ച ഇന്ത്യൻ ഓഹരി വിപണിയിൽ നിന്നും 20,000 കോടി രൂപയിലധികം പിൻവലിച്ചു. പശ്ചിമേഷ്യയിൽ യുദ്ധഭീതി ശക്തമായതോടെ രാജ്യാന്തര വിപണിയിൽ വൻകിട നിക്ഷേപകർ ഓഹരികളിൽ നിന്നും പണം വലിയ തോതിൽ പിൻവലിച്ച് സുരക്ഷിത മേഖലകളായ സ്വർണം, ഡോളർ എന്നിവയിൽ സജീവമാകുകയാണ്. വാരത്തിൻറെ തുടക്കത്തിൽ ഇസ്രേലിനെതിരേ ഇറാൻ റോക്കറ്റ് ആക്രമണം നടത്തിയതാണ് പൊടുന്നനെ നിക്ഷേപകരുടെ നെഞ്ചിടിപ്പ് വർധിപ്പിച്ചത്. ഇതോടൊപ്പം അമെരിക്കയിൽ മുഖ്യ പലിശ നിരക്കുകൾ ഉടനടി കുറയില്ലെന്ന വാർത്തകളും വിദേശ നിക്ഷേപകരുടെ പിന്മാറ്റത്തിൻറെ വേഗത കൂട്ടി. യുഎസ് ബോണ്ടുകളുടെ മൂല്യം ഗണ്യമായി കൂടിയതോടെ ഓഹരി വിപണിയിൽ നിന്നും നിക്ഷേപകർ പണം പിൻവലിച്ച് ബോണ്ടുകളിൽ മുടക്കുകയാണ്.കഴിഞ്ഞ വാരം ആദ്യ നാല് വ്യാപാര ദിനങ്ങളിലും ഇന്ത്യയി



ലെ പ്രധാന ഓഹരി സൂചികകൾ കനത്ത നഷ്ടത്തിലാണ് വ്യാപാരം പൂർത്തിയാക്കിയത്. എന്നാൽ ഇസ്രേലിനെതിരേ തിരക്കിട്ട് നടപടികൾക്കില്ലെന്ന് ഇറാൻ വ്യക്തമാക്കിയതോടെ വെള്ളിയാഴ്ച ബോംബെ ഓഹരി സൂചികയും ദേശീയ ഓഹരി സൂചികയും ശക്തമായി തിരിച്ചു കയറി.

ഇപ്പോഴത്തെ സാഹചര്യത്തിൽ വരും ദിവസങ്ങളിലും ഇന്ത്യയിൽ നിന്നും പുറത്തേക്കുള്ള പണമൊഴുക്ക് ശക്തമാകാനാണ് സാധ്യത. ജനുവരി മാസത്തിനു ശേഷം വിദേശ നിക്ഷേപകർ ഇന്ത്യൻ വിപണിയിൽ നിന്നും പിൻവലിക്കുന്ന ഏറ്റവും ഉയർന്ന തുകയാണിത്. അമെരിക്കയിൽ നാണയപ്പെരുപ്പ ഭീഷണി സജീവമായി നിൽക്കുന്നതിനാൽ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് പലിശ കുറയ്ക്കാനുള്ള തീരുമാനം നീട്ടിവയ്ക്കുമെന്ന ആശങ്കയിൽ ഇന്ത്യ ഉൾപ്പെടെയുള്ള വിപണികളിൽ നിന്നും വൻകിട ഹെഡ്ജ് ഫണ്ടുകളും നിക്ഷേപ സ്ഥാപനങ്ങളും പണം പിൻവലിച്ച് ഡോളറിൽ നിക്ഷേപം നടത്തുകയാണ്. ഇതോടെ കഴിഞ്ഞ വാരം ഇന്ത്യൻ ഓഹരി വിപണി കനത്ത തകർച്ചയാണ് നേരിട്ടത്.

അതേസമയം സിസ്റ്റമിക് ഇൻവെസ്റ്റ്മെൻറ് പ്ലാൻ (എസ്ഐപി) ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ ആഭ്യന്തര നിക്ഷേപകർ പ്രതിമാസം 19,000 കോടി രൂപയിലധികം വിപണിയിലെത്തിക്കുന്നതിനാൽ വിദേശ ധന സ്ഥാപനങ്ങളുടെ പിന്മാറ്റം ഇന്ത്യൻ ഓഹരികളിൽ കാര്യമായ വിൽപ്പന സമ്മർദം സൃഷ്ടിക്കില്ലെന്നാണ് വിലയിരുത്തുന്നത്. പ്രതിവർഷം രണ്ടു ലക്ഷം കോടി രൂപയിലധികമാണ് എസ്ഐപികൾ വഴി ഓഹരി വിപണിയിലെത്തുന്നത്.



## ഓട്ടോമാറ്റിക് പ്രീമിയം അടവ് സൗകര്യം അവതരിപ്പിച്ച് ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ലൈഫ് ഇൻഷൂറൻസ് സ്ഥാപനങ്ങളിലൊന്നായ ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഓട്ടോമാറ്റിക് പ്രീമിയം അടവ് സൗകര്യം അവതരിപ്പിച്ചു. പ്രവാസി ഉപഭോക്താക്കൾക്ക് പോളിസി തുടരുന്നതിനു കൂടുതൽ സൗകര്യകരമായ പണമടയ്ക്കൽ സൗകര്യങ്ങൾ പ്രദാനം ചെയ്യുകയാണ് ഈ നീക്കത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ബജാജ് അലയൻസ് ലൈഫ് ഇൻഷൂറൻസ് ഓപ്പറേഷൻസ് ആൻറ് കസ്റ്റമർ എക്സ്പീരിയൻസ് മേധാവി രാജേഷ് കൃഷ്ണൻ പറഞ്ഞു.ഓരോ തവണയും ഇടപാടുകൾ നടത്തേണ്ട ആവശ്യം ഒഴിവാക്കുകയും പുതുക്കുന്നത് മുടങ്ങുന്ന സാഹചര്യം ഇല്ലാതാക്കാൻ ഇതു സഹായിക്കും. ഉപഭോക്താക്കളുടെ അനുഭവങ്ങളുടെ കാര്യത്തിനാണ് തങ്ങൾ ഏറ്റവും മുന്തിയ പരിഗണന നൽകുന്നതെന്നും രാജേഷ് കൃഷ്ണൻ പറഞ്ഞു.

## ജിയോ ഫിനാൻഷ്യൽ സർവ്വീസസ്: അറ്റാദായം 311 കോടി രൂപയായി

**മുംബൈ:** ജിയോ ഫിനാൻഷ്യൽ സർവീസസിന് നാലാം പാദത്തിൽ അറ്റാദായത്തിൽ 6% തുടർച്ചയായ വളർച്ച രേഖപ്പെടുത്തി 311 കോടി രൂപയായി. മുൻ പാദത്തിൽ ഇത് 294 കോടി രൂപയായിരുന്നു.പ്രവർത്തനങ്ങളിൽ നിന്നുള്ള ഏകീകൃത വരുമാനം മുൻ പാദത്തിലെ 414 കോടി രൂപയിൽ നിന്ന് 418 കോടി രൂപയായി.മൂന്നാം പാദത്തിലെ 99 കോടിയുമായി താരതമ്യം ചെയ്യുമ്പോൾ മാർച്ച് പാദത്തിലെ മൊത്തം ചെലവ് ചെറുതായി ഉയർന്ന് 103 കോടി രൂപയായി.2024 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ , ഫിനാൻഷ്യൽ സർവീസ് കമ്പനിയുടെ അറ്റാദായം പല മടങ്ങ് വർധിച്ച് 31 കോടി രൂപയിൽ നിന്ന് 1,604 കോടി രൂപയായി.



## കുട്ടികളുടെ നാടകം ചങ്ങമ്പുഴ പാർക്കിൽ

**കൊച്ചി:** ചങ്ങമ്പുഴ സാംസ്കാരികകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാം ചിൽഡ്രൻസ് തീയേറ്റർ അവതരിപ്പിക്കുന്ന 'ആർട്ടിക്കിൾ 15 , തൃക്കാക്കര സാംസ്കാരികകേന്ദ്രത്തിലെ കുട്ടികളുടെ നാടകസംഘമായ ഹാപ്പി തീയേറ്റർ അവതരിപ്പിക്കുന്ന 'അപ്പങ്ങൾ' എന്ന നാടകവും ശനിയാഴ്ച വൈകിട്ട് 6 മണിക്ക് ചങ്ങമ്പുഴപാർക്കിൽ അരങ്ങേറും.

നവോത്ഥനകാലത്തിലൂടെ ആർട്ടിക്കിൾ 15ൽ എത്താൻ കേരളം നടത്തിയ ചരിത്രസഞ്ചാരമാണ് നാം ചിൽഡ്രൻസ് തിയേറ്ററിന്റെ ആർട്ടിക്കിൽ 15, ഈ നാടകം ഇതിനോടകം രണ്ടു ദേശീയ നാടകോത്സത്തിൽ അവതരിപ്പിച്ചു.

ഒരു ബർമീസ് നാടോടിക്കഥയുടെ തമാശ നിറഞ്ഞ നടകാവിഷ്കാരമാണ് 'അപ്പങ്ങൾ.' രണ്ടു നാടകത്തിലുമായി 30 കുട്ടികൾ അരങ്ങിലെത്തുന്നു. ഷേർളി സോമസുന്ദരനാണ് നാടകങ്ങളുടെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് .

## നിസാൻ മോട്ടോർ ഇന്ത്യ ശൃംഖല വ്യാപിപ്പിക്കുന്നു

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ ലിമിറ്റഡ് രാജ്യത്ത് പ്രവർത്തന ശൃംഖല വ്യാപിപ്പിക്കുന്നു. ന്യൂഡെൽഹിയിൽ പുതിയ ഷോറൂമും, 2 ഡിസ്പ്ലെ സെന്ററും ബോഡി ഷോപ്പോടു കൂടിയ സർവീസ് സെന്ററും ആരംഭിച്ചതോടെ, ഇത് വരെയുള്ള ശൃംഖല 270 ആയി ഉയർന്നു.വാഹന ആവശ്യങ്ങൾക്കായി വൺ സ്റ്റോപ്പ് ഷോപ്പ് ആരംഭിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് ഉയർന്ന മൂല്യമുള്ള സേവനങ്ങൾ ലഭ്യമാക്കാനുള്ള നിസാന്റെ പ്രതിജ്ഞാബദ്ധതയാണ് വെളിപ്പെടുന്നത്. പുതിയ ഷോറൂം നിസാൻ ഇന്ത്യ ഓപ്പറേഷൻസ് പ്രസിഡണ്ട് ഫ്രാങ്ക് ടോറസും നിസാൻ മോട്ടോർ ഇന്ത്യ എംഡി സൗരഭ് വത്സയും ചേർന്ന് ഉത്ഘാടനം നിർവഹിച്ചു.

# കിയ സെൽറ്റോസിന് പുതിയ വേരിയന്റുകളും ഫീച്ചറുകളും




**കൊച്ചി:** ഇന്ത്യയിൽ വന്ന് ഏറ്റവും ചുരുങ്ങിയ കാലയളവിൽ ഇന്ത്യക്കാരുടെ വിശ്വാസം നേടിയ വാഹന നിർമാതാക്കളാണ് കിയ. ഹ്യുണ്ടായിയുടെ ഭാഗമാണെങ്കിലും പല കാര്യത്തിലും മാതൃകമ്പനിയെ വരെ വെല്ലുന്നവരാണ് ഈ കൊറിയൻ ബ്രാൻഡ്. സെൽറ്റോസിലൂടെ മാജിക് തീർത്തവർ ഇന്ന് വിൽപ്പനയുടെ കാര്യത്തിൽ പലരേയും ഞെട്ടിച്ച് മുൻപന്തിയിലുണ്ട്.

സെൽറ്റോസ് എൻട്രി ലെവൽ ഓട്ടോമാറ്റിക് നോക്കുന്നവർക്കുള്ള സന്തോഷ വാർത്തയാണ് ഒന്ന്. 1.5 ലിറ്റർ നാച്ചുറലി ആസ്പിറേറ്റഡ് പെട്രോൾ വേരിയന്റിന് CVT ഓട്ടോമാറ്റിക് ഗിയർബോക്സ് ഓപ്ഷൻ നൽകി സെൽറ്റോസ് എസ്‌യുവിയുടെ എച്ച്ടികെ പ്ലസ് ട്രിം കിയ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് കിയ ഇന്ത്യയുടെ ചീഫ് സെയിൽസ് ആൻഡ് ബിസിനസ് ഓഫീസർ മ്യുങ്സിക് സോൺ പറഞ്ഞു.

15.40 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില. ഇപ്പോൾ സെൽറ്റോസ് ശ്രേണിയിലെ ഏറ്റവും ബഡ്ജറ്റ്ഫ്രണ്ട്‌ലി ഓട്ടോമാറ്റിക് വേരിയന്റാണിത്.സെൽറ്റോസ് എച്ച്ടികെ പ്ലസ് ലെ 1.5 ലിറ്റർ ഡീസൽ എഞ്ചിനുമായി ജോടിയാക്കിയ 6സ്പീഡ് ടോർക്ക് കൺവെർട്ടർ ഓട്ടോമാറ്റിക് ട്രാൻസ്മിഷനാണ് രണ്ടാമത്തെ പുതിയ വേരിയന്റിന്റെ സവിശേഷത. ഈ വേരിയന്റിന് 16.90 ലക്ഷം രൂപയാണ് എക്സ്ഷോറൂം വില. സെൽറ്റോസ് ലൈനപ്പിലെ ഏറ്റവും ലാഭകരമായ ഡീസൽ ഓട്ടോമാറ്റിക് വേരിയന്റാണിത്.പുതിയ വേരിയന്റുകൾ കൂടാതെ നിലവിലെ മോഡലുകളിലെ ഫീച്ചറുകളും കിയ പരിഷ്കരിച്ചിട്ടുണ്ട്.ഡ്യുവൽ പാൻ പനോരമിക് സൺറൂഫ്, പാഡിൽ ഷിഫ്റ്റുകൾ, എൽഇഡി കണക്ടഡ് ടെയിൽ ലാമ്പ്, ഡ്രൈവ് മോഡുകൾ, ട്രാക്ഷൻ കൺട്രോൾ മോഡുകൾ എന്നിവയാണ് ഏറ്റവും ജനപ്രിയമായ എച്ച്ടികെ പ്ലസ് ട്രിമ്മിൽ വന്നിരിക്കുന്ന പുതുമകൾ. അതിന് പുറമെ ഒഠഗ ട്രിമ്മിലുമുണ്ട് മാറ്റങ്ങൾ.

സ്റ്റാർട്ട്സ്റ്റോപ്പ് ബട്ടണുള്ള സ്മാർട്ട് കീ, എൽഇഡി കണക്ടഡ് ടെയിൽ ലാമ്പ്, എൽഇഡി സ്റ്റാർ മാപ്പ് ഡിആർഎൽ കളുള്ള ഹെഡ്‌ലൈറ്റുകൾ ഇവയൊക്കെയാണ് എച്ച്ടികെ ട്രിമ്മിൽ വരുന്ന അധിക ഫീച്ചറുകൾ.

പരിഷ്കരിച്ച പതിപ്പിൽ ഒഠത മുതലുള്ള ഉയർന്ന വേരിയന്റുകളിൽ നാല് വിൻഡോകളും വോയിസ് കമാൻഡുകൾ ഉപയോഗിച്ചും നിയന്ത്രിക്കാവുന്നവയാണ്. HTE ട്രിമ്മിൽ വരുന്നതാകട്ടെ അറോറ ബ്ലാക്ക് പേൾ, ഗ്രാവിറ്റി ഗ്രേ, ഇന്റെൻസ് റെഡ്, പ്യൂറ്റർ ഒലിവ്, ഇമ്പേരിയൽ ബ്ലൂ എന്നീ പുതിയ നിറങ്ങളാണ്.

# ഇന്ത്യൻ ഡയറ്ററ്റിക് അസോസിയേഷൻ കേരള ചാപ്റ്റർ വിദ്യാഭ്യാസ സെഷൻ സംഘടിപ്പിച്ചു




**കൊച്ചി:** ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുമായി സഹകരിച്ച് ഇന്ത്യൻ ഡയറ്ററ്റിക് അസോസിയേഷൻ കേരള ചാപ്റ്റർ കൊച്ചിയിൽ വിദ്യാഭ്യാസ സെഷൻ സംഘടിപ്പിച്ചു. ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഡയറ്ററ്റിക്സ്, ന്യൂട്രീഷൻ പ്രാക്ടീഷണർമാർ പങ്കെടുത്തു. ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ ധനസഹായം നൽകിയ മൂന്ന് ഗവേഷണ പഠനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ചർച്ച. ഒരാളുടെ ദൈനംദിന ഭക്ഷണത്തിൽ ബദാം ഉൾപ്പെടുത്തുന്നതിന്റെ ആരോഗ്യപരമായ ഗുണങ്ങൾ അടിവരയിടുന്നതായിരുന്നു ഈ പഠനങ്ങൾ. ഐഡിഎ കേരള ചാപ്റ്റർ കൺവീനർ സൗമ്യ നായർ സെഷൻ നിയന്ത്രിച്ചു. ദിവസേനയുള്ള ബദാം ഉപഭോഗവുമായി ബന്ധപ്പെട്ട ആരോഗ്യ ഗുണങ്ങൾ എടുത്തുകാണിക്കുന്ന ഡോ. അനൂപ് മിശ്ര, ഡോ. അലിസൺ കോട്സ്, ഡോ. ഒലിവർ സി വിറ്റാർഡ് എന്നിവരുടെ മൂന്ന് ഗവേഷണ പഠനങ്ങൾ സെഷനിൽ ഷീല കൃഷ്ണസ്വാമി ഊന്നിപ്പറഞ്ഞു. വ്യായാമം വീണ്ടെടുക്കുമ്പോൾ ബദാം കഴിക്കുന്നത് പേശികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും, പ്രീ ഡയബറ്റിസ് ഉള്ളവരിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും, ശരീരഭാരം നിയന്ത്രിക്കാനും സഹായകരമാവുമെന്ന് കാണിക്കുന്ന ഈ മൂന്ന് പഠനങ്ങളുടെ കണ്ടെത്തലുകളും ഷീല കൃഷ്ണസ്വാമി പ്രത്യേകം പരാമർശിച്ചു. വ്യായാമം വീണ്ടെടുക്കുന്നതിലും പേശിവേദനയിലും ബദാമിന്റെ ഫലങ്ങളെക്കുറിച്ച് കണ്ടെത്താൻ ലക്ഷ്യമിടുന്നതാണ് ഫ്രോണ്ടിയേഴ്സ് ഇൻ ന്യൂട്രീഷനിൽ പ്രസിദ്ധീകരിച്ച ഒലിവർ സി വിറ്റാർഡിന്റെ ഏറ്റവും പുതിയ പഠനം. ഡോ.അനൂപ് മിശ്രയുടെ നേതൃത്വത്തിൽ നടന്ന മറ്റൊരു പഠനത്തിൽ ബദാം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുമെന്ന് കണ്ടെത്തി. ബദാം കഴിച്ച പ്രീ ഡയബറ്റിസുള്ള ചില വ്യക്തികൾക്ക് രക്തത്തിലെ പഞ്ചസാരയുടെ അളവ് സാധാരണ നിലയിലേക്ക് തിരിച്ചെത്തിയതായി ഗവേഷണം തെളിയിച്ചു. 2565 വയസ് പ്രായമുള്ള 140 പങ്കാളികൾക്കിടയിൽ ശരീരഭാരം കുറയ്ക്കാനും ഹൃദയാരോഗ്യത്തിനും ബദാമിന്റെ സ്വാധീനം പര്യവേക്ഷണം ചെയ്യുന്നതിനുള്ള പഠനത്തിനാണ് ഡോ. അലിസൺ കോട്സ് നേതൃത്വം നൽകിയത്.

# വേനൽ മഴ ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യത

## പ്രവർത്തനങ്ങൾ വിലയിരുത്താൻ എല്ലാ ജില്ലകളിലും പ്രത്യേക സമിതികൾ



**തിരുവനന്തപുരം:** വേനൽ മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യതയുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്റ്റേറ്റ് മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിൽ ഇതു സംബന്ധിച്ച് നിർദേശം നൽകിയിട്ടുണ്ട്. മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യമായി നടത്തണം. ഇവയുടെ പുരോഗതി വിലയിരുത്താൻ എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക സമിതികൾ രൂപീകരിക്കും. ഡെങ്കിപ്പനി വ്യാപിക്കാതിരിക്കാൻ ആരോഗ്യ വകുപ്പ് നേരത്തെ തന്നെ ജാഗ്രതാ നിർദേശങ്ങൾ നൽകിയിരുന്നു. കൊതുകിന്റെ ഉറവിട നശീകരണത്തന് പ്രാധാന്യം നൽകണമെന്നും മന്ത്രി നിർദേശിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ ഡെങ്കിപ്പനിയെ പ്രതിരോധിക്കാനാകൂ. പൊതുജനങ്ങൾക്കും ഡെങ്കിപ്പനി പടരാതിരിക്കാൻ പ്രധാന പങ്കുണ്ട്. വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കണം. വീടുകളും ഓഫീസുകളും സ്ഥാപനങ്ങളും അവയുടെ പരിസരങ്ങളും പൊതു സ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണം. മാലിന്യം കുന്നുകൂടരുത്. ഹോട്ട് സ്പോട്ടുകൾ കണ്ടെത്തി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കണം.

കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന രോഗമാണ് ഡെങ്കിപ്പനി. കൊതുകിൽ നിന്നും സംരക്ഷണം നേടുക എന്നതാണ് ഡെങ്കിപ്പനിയുടെ പ്രധാന സംരക്ഷണ മാർഗം. രാവിലെയും വൈകുന്നേരങ്ങളിലും വീടിന്റെ ജനാലകളും വാതിലുകളും അടച്ചിടണം. അടച്ചിടുന്നതിനു മുൻപ് വീട്ടിനുള്ളിൽ പുകയ്ക്കുന്നത് വീട്ടിനുള്ളിലുള്ള കൊതുകുകളെ പുറത്താക്കാൻ സഹായിക്കും. കൊതുകിന്റെ സാന്ദ്രത കൂടുതലുള്ള ഇടങ്ങളിൽ ജനാലകളും വാതിലുകളും വല ഉപയോഗിച്ച് സംരക്ഷിക്കണം.

കെട്ടിടങ്ങളുടെ അകത്തും പുറത്തും മേൽക്കൂരയിലും വെള്ളം കെട്ടി നിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പാത്രങ്ങൾ, ചിരട്ടകൾ, തൊണ്ട്, ടയർ, മുട്ടത്തോട്, ടിന്നുകൾ തുടങ്ങിയവ വലിച്ചെറിയാതെ നശിപ്പിക്കുകയോ വെള്ളം കെട്ടിനിൽക്കാതെ കമഴ്ത്തി വയ്ക്കുകയോ ചെയ്യുക. വീട്ടിനുള്ളിൽ പൂച്ചട്ടികൾക്ക് താഴെ വെള്ളം കെട്ടിനിൽക്കുന്ന പാത്രങ്ങളിലും ഫ്രിഡ്ജിന് അടിയിൽ വെള്ളം നിൽക്കുന്ന ട്രേയിലും കൊതുക് മുട്ടയിടാൻ സാധ്യതയുണ്ട്. ഇവ ആഴ്ചയിൽ ഒരിക്കൽ എങ്കിലും വൃത്തിയാക്കുക. വെള്ളം ശേഖരിക്കുന്ന പാത്രങ്ങളും ടാങ്കുകളും അടച്ചു സൂക്ഷിക്കുക.

കൊതുക് കടിയേൽക്കാതിരിക്കാൻ ശരീരം മൂടുന്ന വസ്ത്രം ധരിക്കുക, കൊതുകുവല, ലേപനങ്ങൾ ഉപയോഗിക്കുക. പനിയുള്ളവർ കൊതുകുകടി ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണം.




# സാനി ഇന്ത്യ ഇലക്ട്രിക് ഓപ്പൺ കാസ്റ്റ് മൈനിംഗ് ട്രക്ക് എസ്കെടി105ഇ അവതരിപ്പിച്ചു

**പൂനെ:** നിർമ്മാണഖനന ഉപകരണങ്ങളുടെ ആഗോള നിർമ്മാതാക്കളായ സാനി ഇന്ത്യ, തദ്ദേശീയമായി ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ ഇലക്ട്രിക് ഡംപ് ട്രക്ക് എസ്കെടി105ഇ അവതരിപ്പിച്ചു. 70 ടൺ ആണ് പേലോഡ് ശേഷി.

പ്രാദേശിക വൈദഗ്ധ്യവും ആഗോള നവീകരണവും സംയോജിപ്പിക്കുന്ന എസ്കെടി105ഇ ഇലക്ട്രിക് ഡമ്പ് ട്രക്ക് ഖനന സാങ്കേതികവിദ്യയിലെ പുതിയൊരു യുഗത്തെ പ്രതിനിധീകരിക്കുന്നു. ഓപ്പൺകാസ്റ്റ് ഖനന പ്രവർത്തനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഇലക്ട്രിക് ഓഫ് ഹൈവേ ഡംപ് ട്രക്ക് അസാധാരണമായ ഊർജ്ജ കാര്യക്ഷമത വാഗ്ദാനം ചെയ്യുന്നു.

ലോഞ്ച് ചടങ്ങിൽ സാനി ഇന്ത്യ & സൗത്ത് ഏഷ്യ വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ദീപക് ഗാർഗ് പറഞ്ഞു, 'ഉത്പാദനം പ്രാദേശികവൽക്കരിക്കുകയും അത്യാധുനിക വൈദ്യുത സാങ്കേതികവിദ്യ അവതരിപ്പിക്കുകയും ചെയ്യുന്നതിലൂടെ, ഞങ്ങൾ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക മാത്രമല്ല, സുസ്ഥിര വികസനം എന്ന രാജ്യത്തിന്റെ കാഴ്ചപ്പാടിന് സംഭാവന നൽകുകയും ചെയ്യുന്നു. 'മേക്ക് ഇൻ ഇന്ത്യ' സംരംഭത്തോടുള്ള സാനി ഇന്ത്യയുടെ പ്രതിബദ്ധതയുടെ തെളിവാണ് എസ്കെടി105ഇ, പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നതിലൂടെ, ഞങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല, തദ്ദേശീയ ഉൽപ്പാദന ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.'

സാനി ഇന്ത്യയുടെ സീനിയർ മാനേജ്മെന്റ്, സ്റ്റാഫ്, തൊഴിലാളികൾ, വ്യവസായ പ്രമുഖർ, തുടങ്ങിയവർക്കൊപ്പം ക്ഷണിക്കപ്പെട്ട മറ്റ് അതിഥികളും ലോഞ്ച് ചടങ്ങിന് സാക്ഷ്യം വഹിച്ചു.

# റിതികക്ക് കൈത്താങ്ങായി ആസ്റ്റർ മെഡ്സിറ്റി

**ഇടുക്കി:** കരൾ രോഗത്തെ തുടർന്ന് ജീവിതത്തോട് മല്ലിട്ട 11 വയസുകാരിക്ക് കാരുണ്യ കടലൊരുക്കി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. മൂന്നാർ സ്വദേശിയായ സെൽവരാജ് രാജേശ്വരി ദമ്പതികളുടെ മകൾ റിതികയാണ് ആസ്റ്റർ മെഡ്സിറ്റിയുടെ കൈ പിടിച്ച് ജീവിതത്തിലേക്ക് മടങ്ങിയെത്തിയത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കുടുംബത്തിലെ അംഗമായ റിതികക്ക് പൂർണമായും സൗജന്യമായിട്ടായിരുന്നു മെഡ്സിറ്റി കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയത്.

മൂന്നാറിലെ തേയിലെ തോട്ടത്തിലെ തൊഴിലാളിയായിരുന്നു അച്ഛൻ സെൽവരാജും അമ്മ രാജശ്രീയും. എട്ടാം വയസിലായിരുന്നു റിതികക്ക് ഛർദ്ദിയും വയറു വേദനയും അനുഭവപ്പെടാൻ തുടങ്ങിയത്. നേരത്തെ തന്നെ ഒരു കുട്ടി മരണപ്പെട്ടിരുന്ന കുടുംബത്തെ കൂടുതൽ ദുഖത്തിലാഴ്ത്തിയ സംഭവമായിരുന്നു മകളുടെ അസുഖം.

നാട്ടിലെ ആശുപത്രിയിൽ ചികിത്സ തേടിയെങ്കിലും പുരോഗതിയില്ലാതെ വന്നതോടെയാണ് ആസ്റ്റർ മെഡ്സിറ്റിയിലെത്തിയത്. ഇവിടുത്തെ ഹെപ്പറ്റോ പാൻക്രിയാറ്റോ ബൈലറി ആന്റ് അബ്ഡോമിനൽ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മാത്യു ജേക്കബിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കുട്ടിക്ക് ഗുരുതരമായ കരൾ രോഗമാണെന്ന് കണ്ടെത്തി. കരൾ മാറ്റി വെക്കൽ മാത്രമായിരുന്നു ഏക പ്രതിവിധി. പൊന്നോമനക്കായി കരൾ പകുത്തു നൽകാൻ രാജേശ്വരി തയ്യാറായിരുന്നെങ്കിലും സെൽവരാജിന് താങ്ങാൻ കഴിയുന്നതായിരുന്നില്ല ചികിത്സക്ക് വേണ്ടി വരുന്ന സാമ്പത്തിക ചിലവ്. ഇക്കാര്യം ശ്രദ്ധയിൽ പെട്ട ആസ്റ്റർ മെഡ്സിറ്റി ചികിത്സ ചിലവ് പൂർണമായും ഏറ്റെടുക്കുകയായിരുന്നു.എനിക്ക് വായിക്കാനോ എഴുതാനോ ഒന്നും അറിയില്ല. പക്ഷെ റിതിക ആസ്റ്റർ മെഡ്സിറ്റിയിൽ ആയിരുന്നപ്പോൾ ഒരു കാര്യവും എന്നെ ബാധിച്ചിരുന്നില്ലെന്നും ഒരു മടിയും കൂടാതെ ആശുപത്രി അധികൃതർ ഞങ്ങളെ സഹായിക്കുകയും വലിയ പിന്തുണ നൽകുകയും ചെയ്തെന്ന് സെൽവരാജ് പറഞ്ഞു. ആസ്റ്റർ മെഡ്സിറ്റി തന്നെയായിരുന്നു പൂർണമായും ചികിത്സ ചിലവ് വഹിച്ചത്. ഞങ്ങളുടെ മകളാണ് ഞങ്ങളുടെ പ്രതീക്ഷ. അതിന് വഴിയൊരുക്കിയത് ആസ്റ്റർ മെഡ്സിറ്റിയാണെന്നും സെൽവരാജ് കൂട്ടിച്ചേർത്തു.

മികച്ച ചികിത്സക്കൊപ്പം നിർധനരായ കുട്ടികളുടെ കുടുംബത്തെ സഹായിക്കുന്നതിനായി ചികിത്സാ സൗജന്യം നൽകുന്നതിലൂടെ ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ തങ്ങളുടെ സേവന സന്നദ്ധത കൂടുതൽ തലങ്ങളിലേക്ക് എത്തിക്കുകയാണ് ആസ്റ്റർ മെഡ്സിറ്റി ചെയ്യുന്നതെന്ന് ഡോ. മാത്യു ജേക്കബ് പറഞ്ഞു.



# തൃശൂർ പൂരം : മുഖ്യമന്ത്രി മറുപടി പറയണം: വിശ്വഹിന്ദു പരിഷത്ത്

**കൊച്ചി :** ഹൈന്ദവ വിശ്വാസികളെയും പൂരപ്രേമികളെയും ഒരുപോലെ അവഹേളിക്കുന്ന നടപടിയാണ് തൃശൂർ പൂരാഘോഷത്തിൽ പോലീസ് നടത്തിയതെന്നും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി പിണറായി വിജയന് ഇതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറാൻ കഴിയില്ലെന്നും വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ വാർത്താകുറിപ്പിൽ വ്യക്തമാക്കി.

ആചാരപരമായും വിശ്വാസപരമായും ഏറെ പ്രാധാന്യമുള്ളതാണ് തൃശൂർ പൂരം. ചരിത്രത്തിൽ ഇതുവരെയുണ്ടാകാത്തവിധത്തിലുള്ള ധാർഷ്ട്യം കാട്ടി പൂരം അലങ്കോലമാക്കാനാണ് പോലിസ് ശ്രമിച്ചത്. ആചാരങ്ങളുടെ നഗ്നമായ ലംഘനമാണ് തൃശൂരിൽ ഉണ്ടായത്. ഇതിനുള്ള ധൈര്യം പോലിസിന് എവിടെ നിന്നാണ് കിട്ടിയതെന്നും വിഎച്ച്പി നേതാക്കൾ ചോദിച്ചു. വിശ്വാസികളുടെ മനസിനെ മുറിവേൽപ്പിച്ച അതീവ ഗൗരമുള്ളതും കുറ്റകരവുമായ നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായത് ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും വിഎച്ച്പി നേതാക്കൾ ആവശ്യപ്പെട്ടു.

# കെ എം എ വാർഷിക അവാർഡ് നിശ 22 ന

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) ഈ വർഷത്തെ അവാർഡുകൾ 22 ന് സമ്മാനിക്കും. വൈകിട്ട് 6 മണിക്ക് കലൂർ ഗോകുലം കൺവൻഷൻ സെന്ററിൽ നടക്കുന്ന അവാർഡ് ദാന ചടങ്ങിൽ മുൻ ചീഫ് സെക്രട്ടറിയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഡയറക്ടറുമായ കെ. ജയകുമാർ മുഖ്യാതിഥിയാകും.

ഐ ടി ലീഡർഷിപ്പ് അവാർഡ് ടാറ്റ കൺസൾട്ടൻസി സർവീസസ് വൈസ് പ്രസിഡന്റും ഡെലിവറി സെന്റർ കേരള മേധാവിയുമായ ദിനേശ് തമ്പിക്കും മാനേജർ ഓഫ് ദി ഇയർ അവാർഡ് ഫെഡറൽ ബാങ്ക് ടാലന്റ് അക്വിസിഷൻ ആൻഡ് ഡിപ്ലോയ്മെന്റ് വൈസ് പ്രസിഡന്റ് എ. സബീന ഷാജിക്കും സമ്മാനിക്കും. കമ്പനികളുടെ മികച്ച മാഗസിൻ, മാനുഫാക്ച്ചറിംഗ് എക്സലൻസ്, മികച്ച എച്ച് ആർ പോളിസി അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.

കേരളത്തിലെ വിവിധ കമ്പനികളിൽ നിന്നുള്ള യുവ മാനേജർമാരുടെ മത്സരത്തിൽ വിജയികളായവർക്കും അവാർഡ് നിശയിൽ പുരസ്കാരങ്ങൾ നൽകുമെന്ന് കെ എം എ പ്രസിഡന്റ് എ. ബാലകൃഷ്ണൻ ഓണററി സെക്രട്ടറി ദിലീപ് നാരായണൻ എന്നിവർ അറിയിച്ചു.

# ഡെറിവേറ്റീവ് ആരംഭിക്കാൻ എൻഎസ്ഇയ്ക്ക് സെബി അനുമതി

**കണ്ണൂർ:** നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സിൽ ഡെറിവേറ്റീവ് ആരംഭിക്കാൻ നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിന് സെബിയുടെ അനുമതി ലഭിച്ചു. ഏപ്രിൽ 24 മുതൽ ഇതിന് തുടക്കമാകും. മൂന്ന് സീരിയൽ പ്രതിമാസ ഇൻഡക്സ് ഫ്യൂചേഴ്സ്, ഇൻഡക്സ് ഓപ്ഷൻസ് കോണ്ടാക്ട് സൈക്കിളുകളാവും എൻഎസ്ഇ അവതരിപ്പിക്കുക.

മാസത്തിലെ അവസാന വെള്ളിയാഴ്ചയാകും ഡെറിവേറ്റീവ് കരാറുകൾ അവസാനിക്കുക.നിഫ്റ്റി 100 സൂചികയിൽ നിന്ന് നിഫ്റ്റി 50 കമ്പനികളെ ഒഴിവാക്കിയുള്ളതാണ് നിഫ്റ്റി നെക്സ്റ്റ് 50 സൂചിക. 1997 ജനുവരി ഒന്നിനായിരുന്നു ഈ സൂചികയ്ക്ക് തുടക്കം കുറിച്ചത്. എൻഎസ്ഇയിൽ ലിസ്റ്റു ചെയ്ത ആകെ ഓഹരികളുടെ 18 ശതമാനത്തോളം വരുന്ന 70 ട്രില്യൺ രൂപയുടെ വിപണി വിഹിതമാണ് ഈ സൂചികയ്ക്കുള്ളതെന്ന് 2024 മാർച്ച് 29 ലെ കണക്കുകൾ സൂചിപ്പിക്കുന്നു.

# അഡ്മിഷൻ ആരംഭിച്ച് ഐസർ

**തിരുവനന്തപുരം:** ബിഎസ് എംഎസ് ഇരട്ട ഡിഗ്രി പ്രോഗ്രാമിനും 4 വർഷ ബിഎസ് ഡിഗ്രി പ്രോഗ്രാമിനും അപേക്ഷ ക്ഷണിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യുക്കേഷൻ ആന്റ് റിസർച്ച്.

തിരുവനന്തപുരം ഉൾപ്പടെയുള്ള ഐസർ ക്യാംപസുകളിൽ പ്രവേശനം നേടാനായി ഔദ്യോഗിക വെബ്സൈറ്റായ iiseradmission.in ൽ 2024ലെ ഐസർ ആപ്റ്റിറ്റിയൂഡ് ടെസ്റ്റിനായി രജിസ്റ്റർ ചെയ്യാം. 2024 മെയ് 13ാണ് രജിസ്റ്റർ ചെയ്യാനുള്ള അവസാന തിയതി. ജൂൺ 9നാണ് പ്രവേശന പരീക്ഷ. പരീക്ഷാ കേന്ദ്രത്തെക്കുറിച്ചും ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളും വെബ്സൈറ്റിൽ ലഭ്യമാണ്.

2022, 2023, 2024 വർഷങ്ങളിൽ പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞവർക്ക് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് അപേക്ഷിക്കാൻ അർഹരാണ്



# അവശ്യസർവീസ് ജീവനക്കാർക്ക് പോസ്റ്റൽ വോട്ടെടുപ്പ് തുടങ്ങി

**തൃശൂർ:** ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ആബ്സന്റീ വിഭാഗത്തിൽപ്പെട്ട അവശ്യസർവീസ് ജീവനക്കാർക്കുള്ള (എ.വി.ഇ.എസ്) പോസ്റ്റൽ വോട്ടെടുപ്പിന് തുടക്കമായി. കളക്ടറേറ്റിലുള്ള ജില്ലാ പ്ലാനിങ് ഹാളിൽ പ്രത്യേകം സജ്ജീകരിച്ച പോസ്റ്റൽ വോട്ടിങ് സെന്ററിലാണ് വോട്ട് രേഖപ്പെടുത്തുന്നത്. ഏപ്രിൽ 23 വരെ രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ചുവരെ വോട്ട് രേഖപ്പെടുത്താൻ അവസരമുണ്ട്. ആദ്യദിനമായ ഇന്നലെ (ഏപ്രിൽ 21) തൃശ്ശൂർ ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെട്ട 75 പേരാണ് വോട്ട് ചെയ്തത്.

ഫോം 12 ഡിയിൽ വരണാധികാരിക്ക് അപേക്ഷ നൽകിയ പോളിങ് ദിവസം ഡ്യൂട്ടിയിലുള്ള അവശ്യസർവീസ് ജീവനക്കാർക്കാണ് വോട്ട് ചെയ്യാൻ അവസരം. പോളിങ് സ്റ്റേഷന് സമാനമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയാണ് പോസ്റ്റൽ വോട്ടിങ് സെന്റർ പ്രവർത്തിക്കുന്നത്. തൃശൂർ ലോക്സഭാ മണ്ഡലത്തിൽ 323 അവശ്യസർവീസ് ജീവനക്കാരാണ് വോട്ടിങിന് അർഹരായിട്ടുള്ളത്. ഗുരുവായൂർ 10, മണലൂർ 29, ഒല്ലൂർ 62, തൃശൂർ 50, നാട്ടിക 41, ഇരിങ്ങാലക്കുട 42, പുതുക്കാട് 89 എന്നിങ്ങനെയാണ് നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക്. സംസ്ഥാനത്ത് പൊലീസ്, അഗ്നിരക്ഷാസേന, ജയിൽ, എക്സൈസ്, മിൽമ, ഇലക്ട്രിസിറ്റി, ജല അതോറിറ്റി, കെ.എസ്.ആർ.ടി.സി, ട്രഷറി, ആരോഗ്യ സർവീസസ്, വനം, കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ ഓൾ ഇന്ത്യ റേഡിയോ, ദൂരദർശൻ, ബി.എസ്.എൻ.എൽ, റെയിൽവേ, പോസ്റ്റ് ആൻഡ് ടെലഗ്രാഫ്, മാധ്യമപ്രവർത്തകർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് എന്നിവയെയാണ് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ അവശ്യസർവീസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# എറണാകുളം മാർക്കറ്റിൽ ഭക്ഷണമാലിന്യ സംസ്കരണത്തിന് വേസ്റ്റ് കംപോസ്റ്റർ പ്ലാൻറ്

**കൊച്ചി:** മാർക്കറ്റിൽ ഉണ്ടാകുന്ന ഭക്ഷണാവശിഷ്ടങ്ങളും പഴം, പച്ചക്കറി മാലിന്യങ്ങളും സംസ്കരിക്കാൻ എറണാകുളം മാർക്കറ്റിൽ ഓർഗാനിക് വേസ്റ്റ് കംപോസ്റ്റർ പ്ലാൻറ് സ്ഥാപിക്കുന്നു. നിലവിൽ നിർമാണം പൂർത്തിയായി വരുന്ന പുതിയ മാർക്കറ്റ് കെട്ടിടത്തോടു ചേർന്നാണ് ഒരു ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറ് സ്ഥാപിക്കുന്നത്. മാലിന്യം സംസ്കരിക്കുന്നതുവഴി ലഭിക്കുന്ന വളം നഗരസഭയുടെ പാർക്കുകളിലെയും മറ്റും ചെടികൾക്ക് ഉൾപ്പെടെ ഉപയോഗിക്കും.

മണപ്പാട്ടിപ്പറമ്പിലാണ് ഇത്തരമൊരു പ്ലാൻറ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഐസിഎൽഇയുടെ സഹകരണത്തോടെയാണ് ഒരു ടൺ ശേഷിയുള്ള പ്ലാൻറ് ഇവിടെ പ്രവർത്തിക്കുന്നത്. മാർക്കറ്റിലെ പുതിയ പ്ലാൻറിൻറെ നിർമാണത്തിനും ഐസിഎൽഇയുടെ സഹകരണം നഗരസഭ പ്രതീക്ഷിക്കുന്നുണ്ട്. എറണാകുളം മാർക്കറ്റിൽ കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡ് (സിഎസ്എംഎൽ) പണികഴിപ്പിക്കുന്ന കെട്ടിടസമുച്ചയത്തിൻറെ നിർമാണം ഏറെക്കുറെ പൂർത്തിയായി.

ജൂലൈയോടെ കച്ചവടക്കാരെ ഇവിടേക്കു മാറ്റി പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കാനാണ് ശ്രമം. കോർപറേഷൻറെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കെട്ടിടം നിർമിച്ചിരിക്കുന്നത്. വാഹന പാർക്കിംഗ് ഉൾപ്പെടെ ആധുനിക സൗകര്യങ്ങളോടെയാണ് കെടിട നിർമാണം.

നൂറ്റാണ്ട് പഴക്കമുള്ള പഴയ മാർക്കറ്റ് പൊളിച്ചുനീക്കി 2022 ജൂണിലാണ് നിർമാണം ആരംഭിച്ചത്. കരാർ പ്രകാരം 2024 ജൂണിൽ പൂർത്തിയാക്കണം. നിശ്ചിത സമയത്ത് തന്നെ നിർമാണം പൂർത്തീകരിക്കാനാണ് ശ്രമം. ബേസ്മെൻറ് ഉൾപ്പെടെ അഞ്ചു നിലകളാണുള്ളത്. ഭൂമിക്കടിയിലുള്ള രണ്ടു നിലകളിലായി വാഹന പാർക്കിംഗിനുള്ള സ്ഥലമാണ്.

പഴയ മാർക്കറ്റിലുണ്ടായിരുന്ന കച്ചവടക്കാരെ ആദ്യ രണ്ടു നിലകളിലായാണ് പുനരധിവസിപ്പിക്കുക. ഗ്രൗണ്ട്, ഒന്ന് നിലകളിലായി പഴം, പച്ചക്കറി കടകളും മത്സ്യ, മാംസ മാർക്കറ്റുകളും പ്രവർത്തിക്കും. മൂന്നാം നില കോർപറേഷനുള്ളതാണ്. അവിടെ ഓഫീസുകൾക്കും ഗോഡൗണുകൾക്കും സൗകര്യമൊരുക്കും. താഴെയുള്ള രണ്ടു നിലകളിലായി 150ഓളം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനാകും.

ഷണ്മുഖം റോഡിൽനിന്ന് മാർക്കറ്റ് കോംപ്ലക്സിൻറെ ഒന്നാംനിലയിലേക്ക് എത്തുന്ന ആകാശപാതയും പദ്ധതിയിലുണ്ട്. വെള്ളം, വൈദ്യുതി സൗകര്യങ്ങൾക്ക് പുറമെ മാലിന്യസംസ്കരണ സംവിധാനങ്ങളും ഇവിടെയുണ്ടാകും. കയറ്റിറക്കിനായി ട്രക്ക്ബേ ക്രമീകരിക്കും. മാർക്കറ്റ് കനാൽ നവീകരണം കൂടി പൂർത്തിയാകുമ്പോൾ പുതിയ മാർക്കറ്റിലേക്ക് അനുബന്ധസൗകര്യങ്ങളും സജ്ജമാക്കും.

9,990 ചതുരശ്ര മീറ്ററിലാണ് മാർക്കറ്റ് സമുച്ചയം നിർമിക്കുന്നത്. ആകെ സ്ഥലവിസ്തീർണം 1.63 ഏക്കർ. 72.69 കോടിയാണ് പദ്ധതിച്ചെലവ്. കൊച്ചി സ്മാർട്ട് സിറ്റി മിഷൻറെ ഫണ്ട് ഉപയോഗിച്ചാണ് നവീകരികരണം. പഴയ മാർക്കറ്റിലെ കച്ചവടക്കാരെ തൊട്ടടുത്തുതന്നെ താത്കാലികമായി പുനരധിവസിപ്പിച്ചിട്ടുള്ളത്.




# ഗുരുവായൂരമ്പലനടയിൽ

ജയ ജയ ജയ ജയഹേ എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷം പൃഥ്വിരാജ് സുകുമാരൻ, ബേസിൽ ജോസഫ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി വിപിൻദാസ് സംവിധാനം ചെയ്യുന്ന ഗുരുവായൂരമ്പലനടയിൽ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർറിലീസായി.പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സുപ്രിയ മേനോൻ, ഇഫോർ എന്റർടൈൻമെന്റ് ബാനറിൽ മുകേഷ് ആർ മേത്ത, സി വി സാരഥി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിൽനിഖില വിമൽ, അനശ്വര രാജൻ, യോഗി ബാബു, ജഗദീഷ്, രേഖ, ഇർഷാദ്,സിജു സണ്ണി, സഫ്‌വാൻ, കുഞ്ഞികൃഷ്ണൻ മാസ്റ്റർ, മനോജ് കെ യു തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.ഛായാഗ്രഹണം നീരജ് രവി നിർവഹിക്കുന്നു. കുഞ്ഞിരാമായണത്തിനു ശേഷം ദീപു പ്രദീപ് രചന നിർവഹിക്കുന്ന ചിത്രമാണ് 'ഗുരുവായൂരമ്പലനടയിൽ'.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഹാരിസ് ദേശം,എഡിറ്റർ ജോൺ കുട്ടി,സംഗീതം അങ്കിത് മേനോൻ,പ്രൊഡക്ഷൻ കൺട്രോളർറിനി ദിവാകർ, ആർട്ട് ഡയറക്ടർ സുനിൽ കുമാർ, കോസ്റ്റ്യൂം ഡിസൈനർ അശ്വതി ജയകുമാർ,മേക്കപ്പ്സുധി സുരേന്ദ്രൻ, സൗണ്ട് ഡിസൈനർ അരുൺ എസ് മണി, ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീലാൽ,സൗണ്ട് മിക്സിംങ്എം ആർ രാജകൃഷ്ണൻ, ആക്ഷൻ ഫെലിക്സ് ഫുകുയാഷി റവ്വേ,സ്റ്റിൽസ്ജെസ്റ്റിൻ ജെയിംസ്, റോഹിത് കെ സുരേഷ്,ഡിസൈൻഡികൾട്ട് സ്റ്റുഡിയോ, സെക്കന്റ് യൂണിറ്റ് ക്യാമറഅരവിന്ദ് പുതുശ്ശേരി,ഫിനാൻസ് കൺട്രോളർകിരൺ നെട്ടയിൽ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് അനീഷ് നന്ദിപുലം, വിനോഷ് കൈമൾ.മെയ് 16ന് 'ഗുരുവായൂരമ്പലനടയിൽ' പ്രദർശനത്തിനെത്തുന്നു.




# പഞ്ചവത്സര പദ്ധതി

## ഏപ്രിൽ 26 ന്

സിജു വിത്സനെ നായകനാക്കി പി.ജി.പ്രേംലാൽ സംവിധാനം ചെയ്യുന്ന പഞ്ചവത്സര പദ്ധതി ഏപ്രിൽ ഇരുപത്തിയാറിന് പ്രദർശനത്തിനെത്തുന്നു. പുതുമുഖം കൃഷ്ണേന്ദു എ.മേനോൻ നായികയാവുന്ന ഈ ചിത്രത്തിൽ പിപി കുഞ്ഞികൃഷ്ണൻ, സുധീഷ്,ചെമ്പിൽ അശോകൻ, ബിനോയ് നമ്പാല,ഹരീഷ് പേങ്ങൻ,സിബി തോമസ്,ജിബിൻ ഗോപിനാഥ്,നിഷാ സാരംഗ്,മുത്തുമണി,ആര്യ സലീം, ജോളിചിറയത്ത്,ലാലി പി എം തുടങ്ങിയവ മറ്റു പ്രമുഖ താരങ്ങളും അഭിനയിക്കുന്നു.കിച്ചാപ്പൂസ് എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ കെ ജി അനിൽകുമാർ നിർമ്മിക്കുന്ന 'പഞ്ചവത്സര പദ്ധതി'യുടെ തിരക്കഥ സംഭാഷണം സജീവ് പാഴൂർ എഴുതുന്നു.ആൽബിഛായാഗ്രഹണം നിർവ്വഹിക്കുന്നു. റഫീഖ് അഹമ്മദ്, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ എന്നിവർ എഴുതിയ വരികൾക്ക് ഷാൻ റഹ്മാൻ സംഗീതം പകരുന്നു.എഡിറ്റിംഗ്കിരൺ ദാസ്. പ്രൊഡക്ഷൻ കൺട്രോളർജിനു പി കെ,കലത്യാഗു തവന്നൂർ,മേക്കപ്പ്രഞ്ജിത് മണലിപ്പറമ്പിൽ,വസ്ത്രാലങ്കാരംവീണ സ്യമന്തക്,സ്റ്റിൽസ്ജെസ്റ്റിൻ ജെയിംസ്, പോസ്റ്റർ ഡിസൈൻ ആന്റണി സ്റ്റീഫൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർഎ കെ രജിലേഷ്,ആക്ഷൻ മാഫിയ ശശി.സൗണ്ട് ഡിസൈൻജിതിൻ ജോസഫ്, സൗണ്ട് മിക്സിംഗ്സിനോയ് ജോസഫ്,വിഎഫ്എക്സ്അമൽ,ഷിമോൻ എൻ എക്സ്, ഫിനാൻസ് കൺട്രോളർ ധനേഷ് നടുവള്ളിയിൽ പി ആർ ഒഎ എസ് ദിനേശ്.


# ഗോളം




രഞ്ജിത്ത് സജീവ്, ദിലീഷ് പോത്തൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഫ്രാഗ്രന്റ് നേച്ചർ ഫിലിം ക്രിയേഷൻസിന്റെ ബാനറിൽ ആൻ,സജീവ് എന്നിവർ ചേർന്ന് നിർമിക്കുന്ന ഗോളം മെയ് ഇരുപത്തിനാലിന് പ്രദർശനത്തിനെത്തുന്നു.സസ്പെൻസ് മിസ്റ്ററി ത്രില്ലറായി ഒരുങ്ങുന്ന 'ഗോളം നവാഗതനായസംജാദ് സംവിധാനം ചെയ്യുന്നു.മൈക്ക്,ഖൽബ് എന്നി ചിത്രങ്ങൾക്ക് ശേഷം രഞ്ജിത്ത് സജീവ് കേന്ദ്രകഥാപാത്രത്തെ അവതരിപ്പിക്കുന്ന ഗോളത്തിൽ ദിലീഷ് പോത്തൻ, സിദ്ദിഖ്, ചിന്നു ചാന്ദിനി, തുടങ്ങിയ പ്രധാനതാരങ്ങൾക്കൊപ്പം പതിനേഴോളം പുതുമുഖ താരങ്ങളും അണിനിരക്കുന്നു . പ്രവീൺ വിശ്വനാഥും സംജാദും ചേർന്നാണ് ഗോളത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്.2023ലെ മികച്ച വസ്ത്രാലങ്കാരത്തിനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരംസ്വന്തമാക്കിയ മഞ്ജുഷ രാധാകൃഷ്ണനാണ് ഗോളത്തിന്റെ വസ്ത്രാലങ്കാരം നിർവഹിക്കുന്നത് . സസ്പെൻസ് ത്രില്ലർ ഇരട്ടയുടെ ക്യാമറ കൈകാര്യം ചെയ്ത വിജയ് ഗോളത്തിന്റെ ഛായാഗ്രാഹണം നിർവ്വഹിക്കുന്നു.

നെയ്മർ,കിംഗ് ഓഫ് കൊത്ത തുടങ്ങിയ സിനിമകളുടെ കലാസംവിധാനം ഒരുക്കിയ നിമിഷ് താനൂർ ഗോളത്തിന്റെ കലാസംവിധാനം ഒരുക്കുന്നു.ഉദയ് രാമചന്ദ്രൻ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറാകുന്ന ഗോളത്തിൽ ആദ്യമായി എബി സാൽവിൻ തോമസ് സംഗീതവും പശ്ചാത്തല സംഗീതവും നിർവഹിക്കുന്നു.ഗാനരചനവിനായക് ശശികുമാർ.മധുരം, കേരള സ്റ്റോറി, ആട്ടം എന്നീ ചിത്രങ്ങളുടെ എഡിറ്ററായ മഹേഷ് ബുവനേന്താണ് ഗോളത്തിന്റ എഡിറ്റർ.പ്രൊഡക്ഷൻ കൺട്രോളർജിനു പി കെ,കാസ്റ്റിംഗ് ഡയറക്ടർ ആക്ബിനോയ് നമ്പാല,ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രതീഷ് കൃഷ്ണ,മേക്കപ്പ്രഞ്ജിത്ത് മണാലിപറമ്പിൽ , സ്റ്റീൽസ്ജസ്റ്റിൻ വർഗീസ് ,ശബ്ദമിശ്രണംവിഷ്ണു ഗോവിന്ദ്.പരസ്യകലയെല്ലോ ടൂത്ത്സ്,ടിവിറ്റി, പി ആർ ഒഎ എസ് ദിനേശ്.

# വീര ധീര ശൂരൻ




പ്രേക്ഷകരെ ത്രസിപ്പിച്ചുകൊണ്ട് ചിയാൻ വിക്രമിന്റെ പിറന്നാൾ ദിനത്തിൽ ആരാധകർ കാത്തിരുന്ന ആ പ്രഖ്യാപനം എത്തി. വീര ധീര ശൂരൻ എന്നാണ് എസ്.യു. അരുൺ കുമാർ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ പേര്. വിക്രത്തിന്റെ അൻപത്തി എട്ടാമത് പിറന്നാൾ ദിനത്തോടനുബന്ധിച്ചാണ് പ്രമുഖ നിർമ്മാതാക്കളായ എച്ച്. ആർ. പിക്ചേഴ്സിന്റെ ഈ വമ്പൻ പ്രഖ്യാപനം നടന്നത്. എസ് ജെ സൂര്യ, സുരാജ് വെഞ്ഞാറമൂട് തുടങ്ങി താരനിരയാണ് ചിത്രത്തിലുള്ളത്. ദുഷാര വിജയനാണ് നായിക. തേനി ഈശ്വറിന്റെ ഛായാഗ്രഹണവും ജി.വി. പ്രകാശ് കുമാറിന്റെ സംഗീതസംവിധാനവും മികവുറ്റതാക്കുമെന്നുറപ്പാണ്. എഡിറ്റർ പ്രസന്ന.ജി.കെയും ആർട്ട് ഡയറക്ഷൻ സി.എസ്. ബാലചന്ദറും നിർവഹിക്കുന്നു. എച്ച്ആർ പിക്ചേഴ്സിന്റെ ബാനറിൽ റിയ ഷിബുവാണ് ചിത്രം നിർമ്മിക്കുന്നത്. ഏപ്രിൽ 21ന് മധുരയിൽ സിനിമയുടെ ചിത്രീകരണം ആരംഭിക്കും.പി.ആർ.ഓ പ്രതീഷ് ശേഖർ.

# എക്സ്പീരിയോൺ ടെക്നോളജീസും വുർസ്ബർഗും തമ്മിൽ ഗവേഷണ സഖ്യം

തിരുവനന്തപുരം: എനർജി സിസ്റ്റങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യം വച്ച് തിരുവനന്തപുരം ആസ്ഥാനമായ എക്സ്പീരിയോൺ ടെക്നോളജീസും ജർമ്മനിയിലെ ജൂലിയസ്മാക്സിമിലിയൻസ്യൂണിവേഴ്സിറ്റേറ്റ് വുർസ്ബർഗും (ജെഎംയു) ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സിമുലേഷൻ എന്നിവയിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് സ്മാർട്ട് എനർജി സിസ്റ്റങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള സഹകരണ ഗവേഷണ പദ്ധതികൾക്ക് ഈ പങ്കാളിത്തം സൗകര്യമൊരുക്കും. റിസോഴ്സുകളും വൈദഗ്ധ്യവും ശേഖരിക്കുന്നതിലൂടെ, ഗവേഷണം സുഗമമാക്കുന്നതിന് പ്രത്യേക ലബോറട്ടറികളിലേക്കും ഗവേഷണ സൗകര്യങ്ങളിലേക്കും കമ്പ്യൂട്ടേഷണൽ ഉറവിടങ്ങളിലേക്കും പരസ്പര സഹകരണം വിപുലീകരിച്ചുകൊണ്ട് ഈ നിർണായക ഡൊമെയ്നിലെ നവീകരണത്തെ നയിക്കാൻ ഇരു സ്ഥാപനങ്ങളും ലക്ഷ്യമിടുന്നു.



സഹകരണത്തിന്റെ ഭാഗമായി എക്സ്പീരിയോൺ ടെക്നോളജീസും ജെഎംയുവും എക്സ്ചേഞ്ച് പ്രോഗ്രാമുകളിലൂടെ പരസ്പര പഠനത്തിനുള്ള അവസരങ്ങളൊരുക്കും, ജെഎംയു വിദ്യാർത്ഥികൾക്ക് എക്സ്പീരിയോൺ പ്രോജക്ട് ടീമുകളുമായി സഹകരിക്കാൻ അവസരം ലഭിക്കുമ്പോൾ സ്മാർട്ട് എനർജി സിസ്റ്റം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നേടിക്കൊണ്ട് അക്കാദമിക് ഗവേഷണത്തിൽ ഏർപ്പെടാൻ എക്സ്പീരിയോൺ ജീവനക്കാർക്കും അവസരം ലഭിക്കും.

2006ൽ സ്ഥാപിതമായ എക്സ്പീരിയോൺ ടെക്നോളജീസ്, ബിസിനസ്സുകൾക്ക് ഭാവിയിലേക്ക് ആവശ്യമുള്ളതും പരിവർത്തനപരവുമായ ഡിജിറ്റൽ സൊല്യൂഷനുകൾ നൽകുന്ന, പ്രൊഡക്ട് എഞ്ചിനീയറിംഗിന്റെയും ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ സേവനങ്ങളുടെയും ആഗോള ദാതാക്കളാണ്.

എക്സ്പീരിയോൺ ടെക്നോളജീസിന് ഓട്ടോമോട്ടീവ്, ഹെൽത്ത്കെയർ, ബിഎഫ്എസ്ഐ (ബാങ്കിംഗ്, ഫിനാൻഷ്യൽ സർവീസസ്, ഇൻഷുറൻസ്), റീട്ടെയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, IoT (ഇന്റർനെറ്റ് ഓഫ് തിംഗ്സ്), ക്ലൗഡ് കമ്പ്യൂട്ടിംഗ് തുടങ്ങിയ മേഖലകളിൽ വൈദഗ്ദ്ധ്യമുണ്ട്. 37 രാജ്യങ്ങളിലായി ലോകമെമ്പാടുമുള്ള 500ലധികം ഉപഭോക്താക്കൾക്ക് ഒരു തന്ത്രപരമായ പങ്കാളിയായി സേവനം നൽകുന്നു.

# അവധിക്കാലത്ത് കുട്ടികൾക്കായി ടെക്ക് വർക്ക് ഷോപ്പ്

കൊച്ചി: കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും രാജഗിരി സ്കൂൾ ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളൊജിയും സംയുക്തമായി കുട്ടികൾക്കായി നടത്തുന്ന ടെക്നോജൊളി വർക്ക് ഷോപ്പിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

10 ദിവസം നീണ്ട് നിൽക്കുന്ന പരിപാടിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവയിലാണ് പരിശീലനം ലഭിക്കുക. കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എൻജിനിയറിംഗ് ആൻഡ് ടെക്നോളൊജിയിലാണ് പരിപാടി. 10 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് പങ്കെടുക്കാൻ സാധിക്കുക. 1000 രൂപയാണ് കോഴ്സിനായി കുട്ടികളിൽ നിന്ന് ഈടാക്കുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് വർക്ക്ഷോപ്പിൽ പങ്കെടുക്കാൻ അവസരം. മെയ് രണ്ട് മുതൽ 13 വരെയാണ് പരിശീലന പരിപാടി ഒരുക്കിയിരിക്കുന്നത്.

രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സെഷൻ ദിവസവും ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും. ആപ്പ് ഡിവലപ്പ്മെന്റ്, 3ഡി ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ, റോബോട്ടുകളുടെ നിർമ്മാണം എന്നിവയാണ് പ്രധാനമായും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പങ്കെടുക്കുന്നവർക്ക് റോബോട്ടിക് കിറ്റ് സൌജന്യമായി ലഭിക്കും.

യുണീക്ക് വേൾഡ് റോബോട്ടിക് ആണ് പരിശീലനത്തിന് നേതൃത്വം നൽകുക. കൊച്ചി മെട്രോയുടെ വെബ്സൈറ്റ്, സോഷ്യൽ മീഡിയ പേജുകളിൽ നൽകിയിരിക്കുന്ന ക്യൂ ആർ കോഡ് എന്നിവയിലൂടെ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്കായി 0484 2846777, 7736321888 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

### ഹാക്ക് എക്സലറേറ്റ് 2024 ഹാക്കത്തോൺ അവതരിപ്പിക്കാൻ

# മൈക്രോസോഫ്റ്റും ബൈറ്റ് എക്സലും കൈകോർക്കുന്നു

**ഹൈദരാബാദ്:** ആഗോള സാങ്കേതിക രംഗത്തെ പ്രമുഖരായ മൈക്രോസോഫ്റ്റ്, ഇന്ത്യയിലെ മുൻനിര എഡ്ടെക് പ്ലാറ്റ്ഫോമായ ബൈറ്റ് എക്സലുമായി ചേർന്ന് വിദ്യാർത്ഥികൾക്ക് വേണ്ടി രാജ്യവ്യാപക ഹാക്കത്തോൺ ഹാക്ക്എക്സെലറേറ്റ് 2024 സംഘടിപ്പിക്കുന്നു.

ഏപ്രിൽ 26, 27 തീയതികളിൽ ചൈതന്യ ഭാരതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലാണ് ഹാക്കത്തോൺ നടക്കുന്നത്. രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നുമുള്ള വളർന്നുവരുന്ന സാങ്കേതിക വിദഗ്ധർക്ക് അവരുടെ ചാതുര്യം പ്രകടിപ്പിക്കാനും ലോക വെല്ലുവിളികൾക്കുള്ള നൂതനമായ പരിഹാരങ്ങളിൽ സഹകരിക്കാനും ഒരു വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹാക്ക്എക്സെലറേറ്റ് 2024 സംഘടിപ്പിക്കുന്നത്. വിവിധ ഡൊമെയ്നുകളിലുടനീളമുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പങ്കെടുക്കുന്നവർക്ക് അവരുടെ കഴിവുകളുടെയും സർഗ്ഗാത്മകതയുടെയും അതിരുകൾ ഭേദിക്കുന്നതിനുള്ള ഒരു സവിശേഷ അവസരം ഈ ഹാക്കത്തോൺ നൽകുന്നു.

ബൈറ്റ് എക്സൽ സഹസ്ഥാപകൻ ചരൺ തഡേപ്പള്ളി പറഞ്ഞു, 'ഹാക്ക്എക്സെലറേറ്റ് നവീകരണത്തിന്റെയും പ്രശ്നപരിഹാരത്തിന്റെയും സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഞങ്ങളുടെ കാഴ്ചപ്പാട് ഉൾക്കൊള്ളുന്നു.'

രജിസ്ട്രേഷനുള്ള അവസാന തീയതി 2024 ഏപ്രിൽ 19 ആണ്. രജിസ്റ്റർ ചെയ്യാൻ, താൽപ്പര്യമുള്ള പങ്കാളികൾക്ക് രജിസ്ട്രേഷൻ ലിങ്ക് സന്ദർശിക്കാം. https://forms.gle/WFckdv79Xsjwmd2LA

# പോളിങ് ബൂത്തുകൾ ഹരിത ചട്ടം പാലിക്കണം

**ബത്തേരി:** പോളിങ് ബൂത്തുകൾ ഒരുക്കുമ്പോൾ ഹരിത പെരുമാറ്റചട്ടം പാലിക്കണം.

കുടിവെള്ള ഡിസ്പെൻസറുകൾ, സ്റ്റീൽ/കുപ്പി ഗ്ലാസുകൾ എന്നിവ ഒരുക്കണം. മാലിന്യം തരം തിരിച്ചു നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിക്കണം. മാലിന്യം നീക്കം ചെയ്യാൻ ഹരിത കർമ സേനയുമായി കരാറിൽ ഏർപ്പെടണം. പോളിങ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം പ്ലാസ്റ്റിക് കണ്ടയിനറുകളിലോ സഞ്ചികളിലോ വിതരണം ചെയ്യരുത്.

ബൂത്തുകളിൽ ഭക്ഷണം കഴിക്കാൻ ഡിസ്പോസിബൾ ഗ്ലാസ്, പ്ലേറ്റ് എന്നിവ ഉപയോഗിക്കരുത്. തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകൾ, ബൂത്തുകൾക്ക് മുന്നിലെ കൗണ്ടറുകൾ ഒരുക്കുമ്പോൾ ഹരിതചട്ടം പാലിക്കണം.

